ശ്രീ. എം.കെ. രാഘവൻ: മിനിമം വേജസ് കമ്മിറ്റിക്ക് ഗൈഡ് ലൈൻസ് ഇല്ലെന്നു പറയുന്നത് ശരിയല്ല. അത് ഒബ്സർവ് ചെയ്യുന്നില്ലെന്നുള്ളതാണ് സത്യം. ഐ.എൽ.ഓ. യുടെ നേതൃത്വത്തിൽത്തന്നെ മിനിമം വേജസ് ഫിക്സ് ചെയ്യുന്നതിന് ചില ഗൈഡ്ലൈൻസ് ഉണ്ട്. അതു പാലിക്കപ്പെടുന്നില്ല, അതനുസരിച്ച് മിനിമം വേജസ് ഫിക്സേഷൻ നടക്കുന്നില്ലെന്നുള്ളതാണ് ശരി.

ശ്രീ. എസ്. ത്യാഗരാജൻ: ടിമ്പർ ആൻറ് പ്ലൈവുഡ് വ്യവസായത്തിൽ ഇപ്പോഴും നിലവിലിരിക്കുന്ന മിനിമം വേജസ് എന്നു പുതുക്കി നിശ്ചയിച്ചതാണെന്നു പറയാമോ?

ശ്രീ. എം.കെ. രാഘവൻ: ഇപ്പോഴും എന്റെ കയ്യിൽ അതിന്റെ വിവരമില്ല.

ശ്രീ. എം.വി. രാഘവൻ: ടിമ്പർ ആൻറ് പ്ലൈവുഡ് വ്യവസായത്തിൽ അഡ്വൈസറി കമ്മിറ്റി 1978 ഫെബ്രുവരി മാസത്തിനുശേഷം ഇല്ലെന്നു പറയുന്നത് ശരിയല്ല. അഡ്വൈസറി കമ്മിറ്റി യോഗം ചേർന്നിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. അങ്ങനെ യോഗം ചേരാതിരുന്നതിന് കാരണമെന്താണെന്നു ഗവൺമെൻറ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. എം.കെ. രാഘവൻ: ഈ അഡ്വൈസറി കമ്മിറ്റികൂടി അവർ തന്നെ തീരുമാനമെടുത്തതാണ്, ഞങ്ങളുടെ കാലാവധി കഴിഞ്ഞിരിക്കുന്നു, അതുകൊണ്ട് പ്രവർത്തനരഹിതമായിരിക്കുന്നു, പുതിയ കമ്മിറ്റി തീരുമാനിക്കട്ടെ എന്ന്. അതുകൊണ്ടു സംഭവിച്ചതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ റിപ്പോർട്ട് ഗവൺമെൻറിന്റെ കയ്യിൽ കിട്ടുന്നതിനുമുൻപ് റിപ്പോർട്ട് അവസാനമായി അംഗീകരിച്ചത് എന്നാണ്? ഇതു കേൾക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി. ഗവൺമെൻറിലേക്ക് വരുന്നതിൽ കാലതാമസം വന്നിട്ടുണ്ടോ? ഒരു വർഷത്തിൽ കൂടുതലായി ഈ റിപ്പോർട്ട് നടപ്പാക്കുന്നില്ലെന്നുള്ള പരാതി കേട്ടു തുടങ്ങിയിട്ട്.

ശ്രീ. എം.കെ. രാഘവൻ: ഇതിനകത്ത് അൽപ്പം താമസമുണ്ടായിട്ടുണ്ട്. ഈ റിപ്പോർട്ട് പ്രിൻറു ചെയ്തത് ഗവൺമെൻറിനു അയച്ചതിനു ശേഷം അതു തെറ്റി ലേബർ കമ്മീഷണർ ആഫീസിലേക്ക് അയച്ചു. അവിടെനിന്നു വീണ്ടും അഡ്വൈസറി ബോർഡിന് അയച്ചുകൊടുക്കുകയാണ് ഉണ്ടായത്. അഡ്വൈസറി ബോർഡ് തിരിച്ചയച്ചു കൊടുക്കുന്നതിന് കാലതാമസം വരുത്തിയിട്ടുണ്ട്. ഏതാണ്ട് മൂന്നു നാലു മാസം കാലതാമസം വന്നിട്ടുണ്ട്.

കൈത്തറി വികസന പദ്ധതി

* 777 [846] ശ്രീ. എം.വി. രാജൻ:
,, സേവ്യർ അറയ്ക്കൽ:
,, പി. ബാലൻ:
,, എം.പി. ഗംഗാധരൻ:
,, കെ. എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കൈത്തറി വികസന പദ്ധതി കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കുവാൻ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഇതിനുള്ള ശുപാർശകൾക്ക് കേന്ദ്രത്തിന്റെ അനുമതി ലഭിച്ചുകഴിഞ്ഞുവോ;

(സി) ഇപ്പോൾ ഏതെല്ലാം ജില്ലകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി) ഇല്ല. കേന്ദ്രത്തിന്റെ അനുമതി കിട്ടുമെന്നു കരുതുന്നു.

(സി) തിരുവനന്തപുരം, കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ ഇപ്പോൾ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

ശ്രീ. സേവ്യർ അറയ്ക്കൽ: ഈ പദ്ധതികൾക്കു വേണ്ടിയിട്ട് മൊത്തമായി എത്ര രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു?

ശ്രീ. പി.എസ്. ശ്രീനിവാസൻ: ഈ പദ്ധതി അഞ്ചുകൊല്ലം കൊണ്ട് 185 ലക്ഷം രൂപ വീതം ചെലവാക്കുന്ന രണ്ടു പദ്ധതികളാണ്. അതിൽ ഒന്നും രണ്ടും മൂന്നും വർഷങ്ങളിൽ 50 ശതമാനം ലോണും 25 ശതമാനം ഗ്രാന്റും കേന്ദ്രഗവൺമെന്റിൽനിന്നും കിട്ടും. ബാക്കി 25 ശതമാനം ഗ്രാന്റ് സ്റ്റേറ്റ് ഗവൺമെന്റാണ്. നാലും അഞ്ചും വർഷങ്ങളിൽ 25 ശതമാനം ലോണും 25 ശതമാനം ഗ്രാന്റും സെൻട്രൽ ഗവൺമെന്റിന്റെയും 50 ശതമാനം ഗ്രാന്റ് സ്റ്റേറ്റ് ഗവൺമെന്റിന്റെയുമാണ്.

ശ്രീ. സേവ്യർ അറയ്ക്കൽ: കൈത്തറി വ്യവസായത്തിൽ ഇന്ന് അതിന്റെ വിപണിയിൽ പല പ്രതിസന്ധികളുമുണ്ട്. ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ വിറ്റഴിക്കാതെ ഈ വ്യവസായത്തിലെ ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുന്നതായി ഗവൺമെന്റിനറിയാമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: മുഴുവനും ശരിയല്ല. കുറേ കെട്ടിക്കിടക്കുന്നുണ്ടെന്നുള്ള കാര്യം അറിയാം. കൈത്തറി വ്യവസായത്തിൽ ഇപ്പോൾ അത്ര വലിയ പ്രതിസന്ധിയുണ്ടെന്നു പറയാൻ കഴിയുകയില്ല. കെട്ടിക്കിടക്കുന്ന തുണി വിറ്റഴിക്കുന്നതിനുവേണ്ടിയിട്ട് ഈ 1.3 തീയതി മുതൽ ഒരു മാസക്കാലത്തേക്ക് 10 പൈസ റിബേറ്റ് അനുവദിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വിൽപ്പന നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ബാലൻ: ഇത് കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കേണ്ടതില്ലെന്ന് തീരുമാനിച്ചതായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്തുകൊണ്ടാണ് വ്യാപിപ്പിക്കേണ്ടതില്ലെന്നു തീരുമാനിച്ചത്? കേന്ദ്രത്തിനു സമർപ്പിച്ച വികസന പദ്ധതിയുടെ ശുപാർശകളുടെ ഏകദേശ രൂപം വ്യക്തമാക്കാമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: തിരുവനന്തപുരം, കൊല്ലം, എറണാകുളം ഇവയാണ് തെക്കൻ പ്രദേശങ്ങളിലുള്ള ഡിസ്ട്രിക്ടുകൾ. മറ്റേത് കോഴിക്കോട്, പാലക്കാട്, കണ്ണൂർ ഈ മൂന്നു ഡിസ്ട്രിക്ടുകളിലുമാണ്. ബാക്കിയുള്ള ഡിസ്ട്രിക്ടുകളിൽ ആദ്യത്തേതിൽ ആലപ്പുഴയും

LIBRARY ARCHIVES Kerala Legislative Assembly

കോട്ടയവുംകൂടി ഉൾപ്പെടുത്തണമെന്നും രണ്ടാമത്തേതിൽ ഇടുക്കി ജില്ല ഉൾപ്പെടുത്തണമെന്നും മൂന്നാമത്തേതിൽ മലപ്പുറം ജില്ല ഉൾപ്പെടുത്തണമെന്നുമാണ് സ്റ്റേറ്റ് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ളത്. അതാതു സ്ഥലങ്ങളിലെ ജനങ്ങളുടെ ആവശ്യമനുസരിച്ചാണ് ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ളത്. ഇതുവരെ സെൻട്രൽ ഗവൺമെന്റിന്റെ അംഗീകാരം കിട്ടിയിട്ടില്ല.

ശ്രീ. പി.ബാലൻ: രൂപീകരിക്കപ്പെട്ട സഹകരണസംഘങ്ങൾതന്നെ പലതും ഈ പദ്ധതികളുടെ കീഴിൽ കൊണ്ടുവന്നിട്ടില്ലെന്നു പരക്കെ ആക്ഷേപമുണ്ട്. അതേപ്പറ്റി ഒന്നു പരിശോധിക്കാൻ തയ്യാറാകുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: പരിശോധിക്കാം.

ശ്രീ. കെ.എസ്. നാരായണൻ നമ്പൂതിരി: തൃശ്ശൂർ ജില്ലയിൽ തലപ്പള്ളിയിൽ നെയ്ത്തുകൊണ്ട് ഉപജീവനം കഴിക്കുന്ന ഒരു വലിയ സമൂഹം ഉണ്ടെന്നുള്ളതു കണക്കിലെടുത്ത് വികസനപരമായ പ്രവർത്തനങ്ങളിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന പ്രദേശം എന്ന നിലയിലും യാതൊരു വ്യവസായ സ്ഥാപനവുമില്ലാത്ത ഒരു പ്രദേശമെന്ന നിലയിലും തൃശ്ശൂർ ജില്ലയിലേക്കുകൂടി ഇതു വ്യാപിപ്പിച്ച് തലപ്പള്ളി താലൂക്കിലെ നെയ്ത്തുകാരെ സഹായിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: തലപ്പള്ളി താലൂക്കിന്റെ സ്ഥിതി എനിക്കറിഞ്ഞുകൂടാ. തൃശ്ശൂരിനെക്കുറിച്ചാണെങ്കിൽ ഈ പറഞ്ഞ സ്ഥിതി ശരിയാണെന്നു തോന്നുന്നില്ല. തലപ്പള്ളിയെപ്പറ്റി ആലോചിച്ചതിനുശേഷമേ പറയാൻ ഒക്കുകയുള്ളൂ. ഇപ്പോൾ വിവരം കയ്യിലില്ല.

ശ്രീ. എം.വി. രാഘവൻ: ഒരുകോടി 85 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന്, തൊഴിലാളികളുടെ സഹകരണം തേടാതെ പല സ്ഥലങ്ങളിലും തൊഴിലാളികൾക്ക് മെമ്പർഷിപ്പു കൊടുക്കാതെ നടത്താൻ ശ്രമിച്ചതുകൊണ്ടല്ലേ ഈ പദ്ധതി ഇങ്ങനെ താമസിക്കുന്നത്? ഉദാഹരണത്തിന് കണ്ണൂർ ജില്ല തന്നെ. ഭരണകക്ഷിയിലുള്ള ആളുകളെമാത്രമേ സൊസൈറ്റികളിൽ എടുക്കുകയുള്ളൂ എന്നു വയ്ക്കുന്നതുകൊണ്ടല്ലേ താമസിക്കുന്നത്?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അങ്ങനെയാണെന്നു തോന്നുന്നില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: കൈത്തറി വ്യവസായം പുനഃസംഘടിപ്പിക്കാമെന്ന് പറഞ്ഞു. ഇപ്പോൾ മൂലധനത്തിൽ കൂടുതൽ ഭാഗവും ലോണായിട്ടാണ് കൊടുക്കുന്നത്. ആ ലോൺ Share participation ആക്കണമെന്നു പറഞ്ഞ് എല്ലാ സഹകരണ സംഘങ്ങളും ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു; ഗവൺമെന്റു തന്നെ നിയമിച്ച ഒരു കമ്മിറ്റി റെക്കമെന്റു ചെയ്തിട്ടുണ്ടായിരുന്നു. അതിൻമേൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഇപ്പോൾ പറയാൻ കഴിയുകയില്ല.

ശ്രീ. വി. ജെ. ജോസഫ്: വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന കോട്ടയം ജില്ലയിൽ കൈത്തറി വികസന പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. ശ്രീനിവാസൻ: അതാണ് ഞാൻ നേരത്തെ പറഞ്ഞത് കോട്ടയം കൂടി ഉൾപ്പെടുത്തുന്നതിന് സംസ്ഥാന ഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: കൈത്തറി വികസന പ്രവർത്തനങ്ങൾക്ക് കേന്ദ്രത്തിൽനിന്നു ലഭിക്കുന്ന പണം അല്ലാതെ സംസ്ഥാന ഗവൺമെൻറിൻെറ പണമൊന്നും തന്നെ ചെലവഴിക്കുന്നില്ല എന്ന് കേൾക്കുന്നത് ശരിയാണോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അല്ല, നേരത്തെതന്നെ ഞാൻ പറഞ്ഞതാണ്. ആദ്യത്തെ ഒന്നും രണ്ടും മൂന്നും വർഷങ്ങളിൽ കേന്ദ്ര ഗവൺമെൻറിൻെറ 50 ശതമാനം ലോണും 25 ശതമാനം ഗ്രാൻറും എന്ന തോതിലാണ്. ബാക്കിയുള്ളത് സ്റ്റേറ്റ് ഗവൺമെൻറ് ഗ്രാൻറായി കൊടുക്കുന്നതാണ്. അതുപോലെതന്നെ നാലും അഞ്ചും വർഷങ്ങളിൽ 25 ശതമാനം ലോണും 25 ശതമാനം ഗ്രാൻറും കേന്ദ്രഗവൺമെൻറും ബാക്കി 50 ശതമാനം സ്റ്റേറ്റ് ഗവൺമെൻറും കൊടുക്കുന്നതാണ്.

ശ്രീ എൻ. കിട്ടപ്പ നാരായണസ്വാമി: സർ, പിന്തുങ്കിയ പ്രദേശമായ ഇടുക്കി ജില്ലാവിൽ ഉള്ളവർകളുക്കു തണി പാർസലായി നൽകപ്പെടുമാ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: പാർക്കലാം.

ശ്രീ. ചടയൻ ഗോവിന്ദൻ: കൈത്തറി വികസന പദ്ധതിയനുസരിച്ച് രൂപീകരിക്കാൻ നിശ്ചയിച്ചിട്ടുള്ള സംഘങ്ങളിൽ പലതും ഇന്ന് നടക്കുന്നില്ല. അത് തൊഴിലാളികൾക്ക് മെമ്പർഷിപ്പ് കൊടുക്കാത്തതു കൊണ്ടല്ലേ എന്നു ചോദിച്ചപ്പോൾ അല്ലെന്നു മന്ത്രി പറയുകയുണ്ടായി. കണ്ണൂർ ജില്ലയിൽ രൂപീകരിക്കാൻ നിശ്ചയിച്ചിട്ടുള്ള എട്ടു സംഘങ്ങൾ രണ്ടു വർഷമായി രൂപീകരിക്കാൻ തീരുമാനിച്ചിട്ട്, ആ സംഘങ്ങളൊന്നും രൂപീകരിക്കാൻ സാധിക്കാതിരിക്കുന്നത് എന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: കണ്ണൂർ ജില്ലയുടെ പ്രശ്നം പ്രത്യേക രൂപത്തിലുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർമാരൊക്കെ വിചാരിച്ചാൽ വളരെ വേഗത്തിൽ സാധിക്കും.

ശ്രീ. വി. ഈച്ചരൻ: നിലവിലുള്ള കൈത്തറി സംഘങ്ങൾ പരിഷ്കരിച്ച് പുതിയ പരിപാടി ആവിഷ്കരിക്കുമ്പോൾ യന്ത്രത്തറികൾ സ്ഥാപിച്ച് കൈത്തറി സംഘങ്ങൾ മാറാനുള്ള വല്ല പരിപാടിയുമുണ്ടോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഇല്ല. കൈത്തറി യന്ത്രത്തറി ആക്കുന്നില്ല. കൈത്തറിയിൽ പല പരിഷ്കാരങ്ങളും വരുത്തുന്നുണ്ട്. പക്ഷെ യന്ത്രത്തറി ആക്കുന്നില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: കൈത്തറി വികസനത്തിനു മുമ്പിൽ ഏറ്റവും പ്രധാന തടസ്സമായി നിൽക്കുന്നത് പഞ്ഞിയുടെ വില വളരെ

LIBRARY ARCHIVES Kerala Legislative Assembly

കുറവാണ്, നൂലിന്റെ വില വളരെ കൂടുതലാണെന്നുള്ളത് പരിഗണിച്ച് നൂല് വില കുറയ്ക്കുന്നതിന് എന്തെങ്കിലും നടപടി എടുക്കാൻ കേന്ദ്ര ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: നൂലിന്റെ വിലയുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെൻറിന്റെ മേൽ ആവശ്യമായ സമ്മർദ്ദവും അതുപോലെ നിവേദനവുമെല്ലാം നടത്തിയിട്ടുണ്ട്. നൂലിന്റെ വില പരിശോധിക്കുമ്പോൾ ഉയർന്ന തരം നൂലിനാണ് വിലക്കൂടുതൽ എന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. കെ. പി. നൂറുദ്ദീൻ: അഞ്ചുകൊല്ലം കൊണ്ട് തീർപ്പിലാക്കുന്ന ഈ പദ്ധതി, ഒരു കോടി 85 ലക്ഷം രൂപ ചെലവാക്കുന്ന ഈ പദ്ധതി പൂർത്തിയാകുമ്പോൾ എത്രപേർക്ക് പുതുതായി തൊഴിൽ കൊടുക്കാൻ കഴിയുമെന്നാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അതിന്റെ വിശദമായ കണക്ക് ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: തുണി അത്രയധികം കെട്ടിക്കിടക്കുന്നുണ്ടോ എന്നു സംശയമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പറവൂർ, നങ്ങ്യാട്ടുകുന്നത്ത് എന്നാണ്ട് 56 ലക്ഷം രൂപയുടെ തുണി കെട്ടിക്കിടക്കുന്നതായി ഒരിക്കൽ പറഞ്ഞ ഓർമ്മയുണ്ട്. റിബേറു കൊടുക്കുകയെന്നല്ലാതെ മറേറതെങ്കിലും ഏർപ്പാടുണ്ടാക്കി ഈ തുണി വിറ്റഴിക്കാനുള്ള സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: അതിന് സംവിധാനമുണ്ട്. തുണി ചില സ്ഥലങ്ങളിൽ കെട്ടിക്കിടപ്പുണ്ട്. വിപുലമായ തോതിൽ കെട്ടിക്കിടക്കുന്നില്ല എന്നാണ് ഞാൻ പറഞ്ഞത്. തുണികൾ പല സ്ഥലങ്ങളിലും പ്രദർശനത്തിനു വയ്ക്കുന്നുണ്ട്. ഈ മാസം കുറേ ചെലവഴിക്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: തൃശ്ശൂർ ജില്ല പിന്നോക്ക ജില്ലയാണെന്നുള്ള വസ്തുത പരിഗണിച്ച് ഈ പദ്ധതി തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കാൻ തയ്യാറാകുമോ? തൃശ്ശൂർ ജില്ലയോടുള്ള അവഗണന അവസാനിപ്പിക്കാൻ തയ്യാറാകുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: തൃശ്ശൂർ ജില്ലയോട് പ്രത്യേക അവഗണനയുള്ളതു ഒന്നു ബോധ്യപ്പെടുത്തിയാൽ കൊള്ളാം.

ശ്രീ. കെ. സുകുമാരനുണ്ണി: ഗവൺമെൻറ് നടപ്പാക്കുന്ന പദ്ധതികളും സഹകരണസംഘങ്ങളും വഴിയാണെന്നു പറഞ്ഞു. സഹകരണസംഘങ്ങളിൽ അംഗത്വം കിട്ടാത്ത ആളുകൾക്ക് അംഗത്വം കൊടുക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.എസ്. ശ്രീനിവാസൻ: എന്തെങ്കിലും തടസ്സമുണ്ടെന്നു ശ്രദ്ധയിൽപ്പെടുത്തിയാൽ ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. പി. ശങ്കർ: ഉയർന്നതരം നൂലിന്റെ വില വർദ്ധനവു കൊണ്ടാണ് പ്രയാസമെന്നു മന്ത്രി പറഞ്ഞു. അങ്ങനെയാണെങ്കിൽ കേരളത്തിലെ കോവാപ്പറേറീവ് സ്പിന്നിംഗ് മില്ലുകളിൽ ഉയർന്നതരം നൂല് ഉൽപ്പാദിപ്പിക്കാൻ ശ്രമം നടത്തുമോ; അതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: ഉയർന്നതരം നൂലു നിർമ്മിക്കുന്നതിനുള്ള തടസ്സം നീക്കുന്നതിന് പുതുതായി ഒരു കോവാപ്പറേറീവ് സ്പിന്നിംഗ് മില്ലിനുള്ള അനുമതി കിട്ടണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വളരെ വേഗത്തിൽ അനുമതി കിട്ടുമെന്നാണ് കരുതുന്നത്.

ശ്രീ. പിണറായി വിജയൻ: ഈ പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ ഏതാണ്ട് എട്ട് സൊസൈറ്റികളിൽ ഒന്നുമാത്രമാണ് ഉൽഘാടനം ചെയ്തിട്ടുള്ളത്. ബാക്കി സൊസൈറ്റികളിൽ ഒന്നായ പിണറായിയിലെ സൊസൈറ്റിക്കുവേണ്ടി സ്ഥലമെടുത്തിട്ട് രണ്ടുവർഷത്തോളമായി. അവിടെ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഉത്തരവ് ആരാണ് കൊടുക്കേണ്ടതേ. ഏതോ ഒരു കോർപ്പറേഷൻ ആണെന്നാണ് കേൾക്കുന്നത്. തടസ്സങ്ങൾ നീക്കി കെട്ടിടം പണി വേഗത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: വെയർ ഹൗസിംഗ് കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നാണ് തോന്നുന്നത്. എന്തായാലും കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ.ടി. കുമാരൻ: സഹകരണസംഘങ്ങൾ നടപ്പിൽവരുത്തുന്നതിനുവേണ്ടി കണ്ണൂർ ജില്ലയിലുള്ള മിക്ക സ്ഥാപനങ്ങളും ഇതിനകം ഉൽഘാടനം ചെയ്യപ്പെട്ടിട്ടുണ്ട്. മാർക്സിസ്റ്റു പാർട്ടിക്കാരുടെ തടസ്സംമൂലം ഏതാനും ചില കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനു കഴിയുന്നില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയാണെങ്കിൽ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു?

ശ്രീ. പി.എസ്. ശ്രീനിവാസൻ: എന്തു തടസ്സമാണെന്നറിയില്ല. എന്തായാലും തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

എൻകോസ് സ്ഥാപനങ്ങളിൽ നിന്നും പിരിച്ചു വിടപ്പെട്ട ജീവനക്കാർ

* 778 [847] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻകോസിന്റെ സ്ഥാപനങ്ങളിൽനിന്നും പിരിച്ചുവിടപ്പെട്ട എത്ര ജീവനക്കാർ ഉണ്ട്;

(ബി) ഇവരിൽ എത്ര പേർക്ക് ജോലി നൽകാൻ സാധിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly